20642
3/10/14

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ്- അച്ചൻകോവിൽ ഡിവിഷൻ - കാനയാർ റെയിഞ്ചിലെ 2010 വട്ടവളവ് ആർ.ഡി.എഫ് ഏരിയായുടെ അഗ്നി പ്രതിരോധ ജോലികളിലെ ക്രമക്കേട്- റെയിഞ്ചാഫീസർ ശ്രീ.റ്റി.എസ്.അശോകനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം.343/2017/വനം തീയതി, തിരുവനന്തപുരം 17.09.2017

---

പരാമർശം :-

1) 23.07.2013 ലെ ഡി&പി വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി2-18790/13 നമ്പർ കത്ത്

2) 02.09.2013 ലെ 9600/എ 2/2013/വനം നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും

3) 07.01.2014 ൽ ശ്രീ.റ്റി.എസ്.അശോകൻ സമർപ്പിച്ച പ്രതിവാദ പത്രിക

4) 16.12.2014 ലെ സ.ഉ.(സാധാ) നം.592/2014/വനം നമ്പർ ഉത്തരവ്

5) 17.08.2015 ലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി2-18790/13 നമ്പർ കത്ത്

6) 20.10.2015 ലെ 3359/എ 2/2015/വനം നമ്പർ കാരണം കാണിക്കൽ നോട്ടീസ്

7) 01.07.2016 ലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി2-18790/13 നമ്പർ കത്ത്

8) 22.07.2017 ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ A1(1)7642/17/GW നമ്പർ കത്ത്

**<u>ഉത്തരവ്</u>**

അച്ചൻകോവിൽ ഡിവിഷനിലെ കാനയാർ റെയിഞ്ചിൽ കാനയാർ സെക്ഷനിലെ വട്ടവളവ് എന്ന സ്ഥലത്തെ 50 ഹെക്ടർ വിസ്തൃതിയുള്ള ഡീഗ്രേഡഡ് നാച്ചുറൽ ഫോറസ്റ്റ് ഏരിയായുടെ രണ്ടാം വർഷ പരിചരണ ജോലികൾക്ക് വേണ്ടി

സി.സി.ഇ/129/ഒറിജിനൽ/2011-12 നമ്പരിൽ കൊല്ലം സതേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ 2,22,000/- രൂപയ്ക്ക് പാസ്സാക്കി നൽകിയ അടങ്കൽ ഐറ്റം നമ്പർ-4 പ്രകാരം ടി പ്രദേശം അഗ്നിപ്രതിരോധ പ്രവർത്തനങ്ങൾ നടത്തി സംരക്ഷിക്കുന്നതിലേയ്ക്കായി 4.2 കിലോമീറ്റർ ദൂരം ഫയർലൈൻ തെളിക്കുന്നതിന് വ്യവസ്ഥ ചെയ്തിരുന്നു. ടി 4.2 കിലോമീറ്റർ ഫയർലൈൻ ജോലികൾ പൂർത്തികരിച്ചതായി കാനയാർ റെയിഞ്ചിലെ എം ബുക്ക് നമ്പർ 09/07-335908 ന്റെ 82-ാം പേജിൽ രേഖപ്പെടുത്തി, ആയതിന് 67,452/- രൂപ 30/2011-12-ാം നമ്പരിലുള്ള കൺവീനർ ബിൽ തയ്യാറാക്കി സമർപ്പിച്ചതനുസരിച്ച് അച്ചൻകോവിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ 28.2.2012 ൽ പരിശോധന നടത്തിയപ്പോൾ വെറും 250 മീറ്റർ ഫയർലൈൻ മാത്രമേ എടുത്തിട്ടുള്ളൂയെന്നും ശേഷിച്ച 3.95 കിലോമീറ്റർ ദൂരം ഫയർലൈൻ എടുത്തിട്ടില്ലായെന്നും ബോദ്ധ്യപ്പെട്ടു. ഫയർലൈൻ തെളിയിക്കാത്ത 3.95 കിലോമീറ്റർ ഉൾപ്പടെ 4.20 കിലോമീറ്റർ ദൂരം ഫയർലൈൻ ജോലികൾ പൂർത്തീകരിച്ചതായി എം ബുക്കിൽ തെറ്റായി രേഖപ്പെടുത്തുകയും 4.20 കിലോമീറ്റർ ഫയർലൈൻ തെളിയിച്ചതായി വ്യാജ കൺവീനർ ബില്ല് തയ്യാറാക്കുകയും ബില്ലിൽ രേഖപ്പെടുത്തിയിരിക്കുന്ന അളവ് കൃത്യമാണെന്ന് ഫോറസ്റ്റർ സാക്ഷ്യപ്പെടുത്തുകവഴി ബോധപൂർവ്വം ചെയ്യാത്ത ജോലിക്ക് കൃത്രിമരേഖകൾ ചമച്ച് സർക്കാർ ഖജനാവിൽ നിന്ന് അനധികൃതമായി പണം തട്ടിയെടുക്കുന്നതിന് കൺവീനർക്ക് ഒത്താശ ചെയ്തു കൊടുക്കുക വഴി ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ അനാസ്ഥയും, അച്ചടക്ക ലംഘനവും ഗുരുതരമായ വീഴ്ചയും മേലുദ്യോഗസ്ഥനെ കബളിപ്പിക്കാനും ശ്രമിച്ചു എന്ന പരാമർശം (1) പ്രകാരമുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.റ്റി.എസ് അശോകന് സർക്കാർ തലത്തിൽ പരാമർശം (2) പ്രകാരം കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകുകയും മറ്റ് കുറ്റാരോപിതർക്കെതിരെ നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുകയും ചെയ്തു.

2) ശ്രീ.അശോകനെതിരെയുള്ള ആരോപണങ്ങൾ താഴെപ്പറയുന്നു.

(i) കാനയാർ റെയിഞ്ചിലെ കാനയാർ സെക്ഷനിൽപ്പെട്ട വട്ടവളവ് എന്ന സ്ഥലത്ത് 50 ഹെക്ടർ വിസ്തൃതിയുള്ള ഡീഗ്രേഡഡ് നാച്വറൽ ഫോറസ്റ്റ് ഏരിയായുടെ രണ്ടാം വർഷ പരിചരണ ജോലികൾക്കു വേണ്ടി സി.സി.ഇ/129/ഒറിജിനൽ/2011-12 നമ്പരിൽ കൊല്ലം സതേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ 2,22,000/- രൂപയ്ക്ക് പാസ്സാക്കി നൽകിയ അടങ്കൽ പ്രകാരം ടി പ്രദേശത്ത് കൺവീനർ മുഖേന 4.2 കിലോമീറ്റർ ദൂരം ഫയർലൈൻ തെളിക്കുന്നതിന് പകരം കേവലം 250 മീറ്റർ മാത്രം ഫയർലൈൻ തെളിയിച്ചിട്ട് ജോലി പൂർത്തിയായതായി മേലുദ്യോഗസ്ഥനെ തെറ്റിദ്ധരിപ്പിച്ചു.

(ii) 4.20 കിലോമീറ്റർ ദൂരം ഫയർലൈൻ എടുക്കേണ്ട സ്ഥാനത്ത് വെറും 250

മീറ്റർ ഫയർലൈൻ ജോലി ചെയ്യിച്ചിട്ട് 4.20 കിലോമീറ്റർ ഫയർലൈൻ ജോലികൾ പൂർത്തീകരിച്ചതായി കാനയാർ റെയിഞ്ചിലെ എം ബുക്ക് നമ്പർ 09/07-08 ന്റെ 82-ാം പേജിൽ രേഖപ്പെടുത്തി ആയതിന് 67,452/- രൂപ 30/2011-12-ാം നമ്പരായി കൺവീനർ ബിൽ വ്യാജമായി എഴുതുകയും ടി ജോലിയുടെ അളവ് കൃത്യമാണെന്നും, ഗുണനിലവാരം അടങ്കലിൽ നിർദ്ദേശിച്ചിട്ടുള്ള രീതിയിലാണെന്നും സെക്ഷൻ ഫോറസ്റ്റാഫീസർ വ്യാജമായി സാക്ഷ്യപ്പെടുത്തുകയും, ആയത് ശരിയാണെന്നും ടി ജോലി 16.01.2012 ൽ പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുള്ളതാണെന്നും 24.01.2012 തീയതി വച്ച് റെയിഞ്ച് ഫോറസ്റ്റാഫീസർ വ്യാജമായി സാക്ഷ്യപ്പെടുത്തുകയും ചെയ്യുക വഴി സർക്കാർ പണം തട്ടിയെടുക്കുവാൻ കൃത്രിമ രേഖ ഉണ്ടാക്കി.

(iii) ടി ജോലിയുടെ കൺവീനർ ശ്രീ.ബിജു.എസ്., മനുവിലാസം, അച്ചൻകോവിൽ എന്നയാൾക്ക് ചെയ്യാത്ത ജോലിക്ക് 63,437/- രൂപ സർക്കാർ ഖജനാവിൽ നിന്ന് കൊള്ളയടിക്കുവാൻ വഴിവിട്ട് സഹായിക്കുവാൻ ശ്രമിച്ചതിലൂടെ ഉത്തരവാദപ്പെട്ട സർക്കാർ ഉദ്യോഗസ്ഥൻ എന്ന നിലയിൽ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ ഗുരുതരമായ വീഴ്ചയും, വിശ്വാസവഞ്ചനയും നടത്തി.

3) ശ്രീ.അശോകൻ പരാമർശം (3) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിൽ ടിയാനെതിരെയുള്ള ആരോപണങ്ങൾ നിഷേധിച്ചിരുന്നു. കൂടാതെ ടിയാന്റെ നിരപരാധിത്വം തെളിയിക്കുവാൻ ഒരു ഔപചാരിക അന്വേഷണം ഉത്തരവാകണമെന്നും അപേക്ഷിച്ചിരുന്നു. ടി പ്രതിവാദ പത്രികയിന്മേൽ അഭിപ്രായം രേഖപ്പെടുത്തിയ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഡി&പി) ടിയാന്റെ വാദങ്ങൾ, അംഗീകരിക്കത്തക്കതല്ല എന്നും ടിയാൻ അഭ്യർത്ഥിച്ച പ്രകാരം ഔപചാരിക അന്വേഷണത്തിന് ഉത്തരവാകാവുന്നതാണെന്നും അഭിപ്രായപ്പെട്ടു. തുടർന്ന് പരാമർശം (4) പ്രകാരം ഔപചാരികാന്വേഷണം നടത്താൻ ഉത്തരവായി.

4) ഔപചാരിക അന്വേഷണ റിപ്പോർട്ട് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ലഭ്യമാക്കി. ആയത് പ്രകാരം ശ്രീ.അശോകന് എതിരെയുള്ള എല്ലാ ആരോപണങ്ങളും തെളിയിക്കപ്പെട്ടതായി കണ്ടെത്തി. ടി അന്വേഷണ റിപ്പോർട്ടിനോട് യോജിക്കുന്നതായും ആയതിന്റെ കണ്ടെത്തലുകൾ പ്രകാരം റെയിഞ്ചാഫീസർക്കെതിരെയുള്ള അച്ചടക്ക നടപടിയിൽ തുടർ നടപടി സ്വീകരിക്കണമെന്നും ശ്രീ.റ്റി.എസ് അശോകൻ 30.4.2015 ൽ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്തിരിക്കുന്നു.

പ്രസ്തുത കേസിൽ പൂർത്തിയാകാത്ത ജോലിയുടെ മുഴുവൻ തുകയായ 67,452/- രൂപ കൺവീനർക്ക് നൽകിയതിലൂടെ ഖജനാവ് കൊള്ളയടിക്കാൻ കൂട്ടു നിന്നു എന്ന് ഔപചാരികാന്വേഷണത്തിൽ വ്യക്തമായിട്ടുണ്ട്.

5) കാനയാർ റെയിഞ്ചിലെ 2010 വട്ടവളവ് ആർ.ഡി.എഫ് ഏരിയായിലെ അഗ്നി പ്രതിരോധ ജോലികൾ സംബന്ധിച്ച് 67,452/- രൂപ കൺവീനർക്ക് അനുവദിച്ചുള്ളതായി ഔപചാരിക അന്വേഷണ റിപ്പോർട്ടിൽ പരാമർശിക്കുന്നില്ല എന്നും കൺവീനർ ശ്രീ.ബിജു.എസ് എന്നയാൾ അഗ്നി പ്രതിരോധ ജോലികൾ കൃത്യമായും ഗുണനിലവാരത്തോടും ചെയ്തുവെന്ന ശുപാർശ സഹിതം കുറ്റാരോപിതനായ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.റ്റി.എസ്.അശോകൻ പ്രസ്തുത കൺവീനർ ബിൽ അച്ചൻകോവിൽ ഡിവിഷണൽ ഫോറസ്റ്റാഫീസർക്കു നൽകുകയാണുണ്ടായത് എന്നും തുടർന്ന് കൺവീനർ ബിൽ പ്രകാരം ഡിവിഷണൽ ഫോറസ്റ്റാഫീസർ നടത്തിയ ഫീൽഡ് പരിശോധനയിലാണ് അച്ചടക്ക നടപടിയ്ക്കാധാരമായ ക്രമക്കേടുകൾ കണ്ടെത്തുന്നതെന്നും ആയതിനാൽ ബിൽ തുക കൺവീനർക്ക് നൽകിയിട്ടില്ല എന്നും പരാമർശം (5) പ്രകാരം ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് റിപ്പോർട്ടു ചെയ്തു.

6) ഡിവിഷണൽ ഫോറസ്റ്റാഫീസറുടെ ഇടപെടൽ മൂലം സർക്കാർ നഷ്ടം ഉണ്ടായിട്ടില്ലായെങ്കിലും പൂർത്തിയാകാത്ത ജോലിക്ക് സർക്കാർ ഖജനാവിൽ നിന്നും കൺവീനർക്കു പണം നൽകുന്നതിന് റെയിഞ്ചാഫീസർ സാഹചര്യമുണ്ടാക്കിയിട്ടുള്ളതായി വ്യക്തമാക്കുന്നതാണ് ഔപചാരിക അന്വേഷണ റിപ്പോർട്ട് എന്നും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് അഭിപ്രായപ്പെട്ടിട്ടുണ്ട്.

മേൽ വിഷയത്തിൽ സർക്കാർ നഷ്ടം ഉള്ളതായി റിപ്പോർട്ടിൽ പരാമർശിക്കപ്പെട്ടിട്ടില്ല.

7) മേൽ സാഹചര്യത്തിൽ, സർവ്വീസിൽ നിന്നും വിരമിച്ച ടിയാന്റെ പേരിലുള്ള അച്ചടക്കനടപടി കെ.എസ്.ആർ.ഭാഗം III ചട്ടം 3 പ്രകാരം ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 300/- രൂപ വീതം 3 വർഷത്തേയ്ക്ക് ഈടാക്കാൻ താൽക്കാലികമായി തീരുമാനിച്ച് പരാമർശം (6) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകി. കാരണം കാണിക്കൽ നോട്ടീസിന് ടിയാൻ മറുപടി സമർപ്പിക്കുകയും ആയതിന്മേൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ടിയാന്റെ പേരിലുള്ള ആരോപണങ്ങളിന്മേൽ ഇളവ് നൽകാൻ പര്യാപ്തമായ വാദങ്ങളൊന്നും സമർപ്പിച്ചിട്ടില്ലാ എന്നും ആയതിനാൽ കാരണം കാണിക്കൽ നോട്ടീസിലെ തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവാകാ വുന്നതാണെന്നും പരാമർശം (7) പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി.

9) മേൽ സാഹചര്യത്തിൽ ശ്രീ.റ്റി.എസ്. അശോകന്റെ പേരിലുള്ള അച്ചടക്കനടപടി, കാരണം കാണിക്കൽ നോട്ടീസിൽ താൽക്കാലികമായി തീരുമാനിച്ച പ്രകാരം ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 300/- രൂപ വീതം 3 വർഷത്തേയ്ക്ക് കെ.എസ്.ആർ.ഭാഗം III ചട്ടം 3 പ്രകാരം കുറവു ചെയ്ത് ഈടാക്കാനുള്ള തീരുമാനം

സ്ഥിരപ്പെടുത്തി ഉത്തരവാകും മുമ്പ് കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം ആരായുകയും, ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ കമ്മീഷൻ ഇക്കാര്യം വിശദമായി പരിശോധിച്ച് സർക്കാരിന്റെ താൽക്കാലിക തീരുമാനത്തോട് യോജിക്കുകയും പരാർമശം (8) പ്രകാരം ഉപദേശിക്കുകയും ചെയ്തു.

10) മേൽ സാഹചര്യത്തിൽ ശ്രീ.റ്റി.എസ്. അശോകൻ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (റിട്ട) ന്റെ പ്രതിമാസ പെൻഷനിൽ നിന്നും 300/- രൂപ വീതം 3 വർഷത്തേയ്ക്ക് കെ.എസ്.ആർ.ഭാഗം III ചട്ടം 3 പ്രകാരം കുറവു ചെയ്ത് ഈടാക്കുവാനുള്ള പരാമർശം (6) ലെ താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി, ടിയാനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജെയിംസ് വർഗ്ഗീസ്
അഡീഷണൽ ചീഫ് സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം)
ശ്രീ.റ്റി.എസ് അശോകൻ, റെയിഞ്ചാഫീസർ (അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള തിരുവനന്തപുരം
പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ